LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്ത് പുറംപോക്ക് ഭൂമി പതിച്ചു നൽകൽ

51 (229) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1994-ലെ പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതിനുശേഷം പഞ്ചായത്ത് പുറംപോക്ക് ഭൂമി അപേക്ഷകർക്ക് പതിച്ചു നൽകാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എത്രകിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 169,218,279 എന്നീ വകുപ്പുകൾ പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള പുറമ്പോക്ക് ഭൂമി യഥേഷ്ടം പതിച്ചു നൽകാൻ വ്യവസ്ഥയില്ല. എന്നാൽ ഇത്തരം ഭൂമി സർക്കാരിന് ബന്ധപ്പെട്ട പഞ്ചായത്തുകളുമായി ആലോചിച്ചശേഷവും ആക്ഷേപങ്ങൾ വല്ലതുമുണ്ടെങ്കിൽ അവയ്ക്ക് അർഹമായ പരിഗണന നൽകിയശേഷവും ഒരു വിജ്ഞാപനം വഴി സർക്കാരിന് ഏറ്റെടുക്കാവുന്നതാണ്. ഇത്തരത്തിൽ ഭൂമി ഏറ്റെടുത്തശേഷം പതിച്ചു നൽകാൻ സർക്കാരിന് തീരുമാനം എടുക്കാവുന്നതുമാണ്. അർഹമായ കേസുകൾ സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുന്നുണ്ട്.

പഞ്ചായത്തുകൾക്കുള്ള വിവിധയിനം ഗ്രാന്റുകൾ

52 (230) ശ്രീ. ബിനോയ് വിശ്വം :
ശ്രീ. എം. കുമാരൻ :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004-05, 2005-06 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഇതുവരെ സംസ്ഥാനത്തെ ജില്ലാ പഞ്ചായത്തുകൾക്ക് വിവിധ ഇനം ഗ്രാന്റുകളായി നൽകിയ തുക ഇനം തിരിച്ചു വ്യക്തമാക്കുമോ ;

(ബി) ഓരോ ജില്ലാ പഞ്ചായത്തിനും ഓരോ ഇനത്തിലും നൽകിയ ഗ്രാന്റുകൾ എത്ര വീതമാണെന്നു വെളിപ്പെടുത്തുമോ;

(സി) മെയിന്റനൻസ് ഗ്രാന്റിനത്തിൽ നൽകുന്ന തുക റോഡ്സ്, നോൺ റോഡ്സ് എന്നീ ഇനങ്ങളിലായി വകതിരിച്ചു നൽകാറുണ്ടോ; എങ്കിൽ ഇതിനു സ്വീകരിച്ചു വരുന്ന മാനദണ്ഡം വ്യക്തമാക്കുമോ?